"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - 12/11/2022 തീയതിയിൽ ബഹു. തിരുവനന്തപുരം സബ് കോടതിയിൽ നടന്ന അദാലത്തിൽ ഒത്തുതീർപ്പിലെത്തിയ കേസുകളിന്മേലുള്ള തുക ബന്ധപ്പെട്ട കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1305/2024/LSGD തിരുവനന്തപുരം, തീയതി 19-07-2024

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 21/01/2023, 10/03/2023 തീയതികളിലെ എ3/1457/2017/ട്രിഡ നമ്പർ കത്തുകൾ
2. സ.ഉ.(സധാ)നം.850/2024/തസ്വഭവ തീയതി 16/05/2024
3. സ.ഉ.(സധാ)നം.4881/2024/ധന തീയതി 20/06/2024

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ട്രിഡയ്ക്ക് വേണ്ടി പൊന്നും വിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. കേസുകൾ 12/11/2022 തീയതിയിൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന അദാലത്തിൽ പരിഗണിക്കുകയും അർത്ഥനാധികാരിയായ ട്രിഡയുടെ സമ്മതത്തോടുകൂടി "ആറ് മാസത്തിനകം ഡെപ്പോസിറ്റ് ചെയ്താൽ പലിശ ഇല്ല" എന്ന വ്യവസ്ഥയിൽ യഥാർത്ഥ തുകയേക്കാൾ കുറച്ച് സെറ്റിൽ ചെയ്യുകയും ചെയ്തിരുന്നു. മേൽ അദാലത്തിൽ ഒത്തു തീർപ്പാക്കിയിരുന്ന എൽ.എ.ആർ. 380/2008, 512/2008, 136/2009 എന്നീ കേസുകളിന്മേലുള്ള ആകെ തുകയായ 13,95,000/- രൂപ ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയും ചെയ്തു.

2). മേൽ പരാമർശിച്ച എൽ.എ.ആർ. 380/2008, 512/2008, 136/2009 എന്നീ കേസുകളിലെ കക്ഷികളുമായി 12/11/2022 തീയതിയിൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന അദാലത്തിൽ ഒത്തുതീർപ്പായിട്ടുള്ള 13,95,000/- രൂപ (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) ചുവടെ പരാമർശിക്കുന്ന കക്ഷികൾക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം '4217-60-800-93-Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ 13,95,000/- രൂപ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്തിരുന്നു.

3). മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ 12/11/2022 തീയതിയിൽ തിരുവനന്തപുരം സബ് കോടതിയിൽ നടന്ന അദാലത്തിൽ ഒത്തുതീർപ്പായിട്ടുള്ള 13,95,000/- രൂപ (പതിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) ചുവടെ പരാമർശിക്കുന്ന കക്ഷികൾക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം | കക്ഷിയുടെ പേരും മേൽവിലാസവും | LAR നമ്പർ | വസ്തുവിന്റെ വിശദവിവരം | അദാലത്തിൽ സെറ്റിൽ ചെയ്ത തുക |
|---|---|---|---|---|
| 1 | Smt. Rajamma<br>TC 76/2290<br>Oolankuzhi<br>Anayara, TVM | 380/08 | Sy. No. 2938/5-1<br>&<br>0.66 Ares | 40,000/- |
| 2 | Sri. M. Sasidharan<br>M/s Padmasree Hotel Enterprises, Thampanoor, TVM | 512/08 | Sy. No. 1168/17<br>&<br>0.68 Ares | 11,75,000/- |
| 3 | Smt. Anithakumari<br>Smt. Rugminiamma<br>T.C.No.13/1613,<br>Thambrabhagom,<br>Kumarapuram.<br>&<br>Sri. AnilKumar<br>Achuthan<br>T.C.No.13/1613,<br>Thambrabhagom,<br>Kumarapuram. | 136/09 | BL No. 33<br>Sy. No. 393<br>&<br>0.43 Ares<br>(0.30 +0.13 | 80,000/-<br>&<br>1,00,000/- |

4). പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
ജില്ലാ കളക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
Smt. Rajamma, TC76/2290, Oolankuzhi, Anayara, Thiruvananthapuram.
Sri. M. Sasidharan, M/s Padmasree Hotel Enterprises, Thamapanoor, Thiruvananthapuram.
Smt. Anithakumari, T.C. No.13/1613, Thambrabhagom, Kumarapuram, Thiruvananthapuram
Sri. Anilkumar Achuthan , T.C. No.13/1613, Thambrabhagom, Kumarapuram, Thiruvananthapuram
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.) തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ.) കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/36/2024/Fin dated 29.06.2024)
തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് (IA4/85/2023/LSGD)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (RE1/138/2024/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 20-07-2024 13:30:03
സെക്ഷൻ ഓഫീസർ